"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി. അലക്സിന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2175/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 19/11/2020**

---

പരാമർശം:- 1 സ.ഉ.(സാധാ) നം.1558/2014 തസ്വഭവ തീയതി 20.06.2014

2 സ.ഉ.(സാധാ) നം.2119/2014 തസ്വഭവ തീയതി 16.08.2014

3 സ.ഉ.(സാധാ) നം.2054/2017 തസ്വഭവ തീയതി 20.06.2017

4 സ.ഉ.(സാധാ) നം.3619/2017 തസ്വഭവ തീയതി 09.11..2017

5 സ.ഉ (സാധാ) നം. 1654/2020 തസ്വഭവ തീയതി 15.9.2020

6 പഞ്ചായത്ത് ഡയറക്ടറുടെ 18.12.2017-ലെ ഡി 24791/2014 നമ്പർ കത്ത്

ഉത്തരവ്

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിൽ 2013 വർഷത്തെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ തുക വിനിയോഗിച്ചതിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദിയായ വിളക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി. അലക്സിനെ പരാമർശം (1) ഉത്തരവ് പ്രകാരം സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം സേവനത്തിൽ തിരിച്ചെടുത്തതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 19.08.2014-ൽ ജോലിയിൽ പ്രവേശിച്ചു. പരാമർശം (3) ഉത്തരവ് പ്രകാരം ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ടിയാൻ സമർപ്പിച്ച പുന:പരിശോധനാ ഹർജി പരാമർശം (4) ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു. പരാമർശം (4) സർക്കാർ ഉത്തരവ് പുന:പരിശോധിക്കണമെന്ന ശ്രീ. സി. അലക്സിന്റെ ഭാര്യയുടെ അപേക്ഷ സർക്കാർ പരാമർശം (5) പ്രകാരം പരിശോധിച്ചു തീർപ്പാക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ 20.06.2014 മുതൽ 18.08.2014 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമവൽക്കരിക്കുന്നതിനുള്ള ശ്രീ. സി. അലക്സിന്റെ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി. അലക്സിന്റെ 20.6.2014 മുതൽ 15.08.2014 വരെയുള്ള സസ്പെൻഷൻ കാലയളവ് ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും 16.08.2014 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചതുവരെയുള്ള കാലയളവ് KSR Part I Rule 56 B (9) Note 2 പ്രകാരം പ്രവേശനകാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ക്രമീകരിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. സി. അലക്സ്, മുൻ സെക്രട്ടറി, വിളക്കുടി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. ധനകാര്യ വകുപ്പ് (യു.ഒ. റിമാർക്ക് നം. ഡെവ.1/109/2019/ധന. തീയതി 20.01.2020പ്രകാരം)
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/97/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.11.20 11:36:12 IST
Reason: Approved

സെക്ഷൻ ഓഫീസർ